# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1421** — 20.01.2014-ൽ മറുപടിക്ക്

## റോഡുകളുടെ പുനരുദ്ധാരണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.മോൻസ് ജോസഫ്**<br>**,, റ്റി.യു.കുരുവിള**<br>**,, സി.എഫ്.തോമസ്**<br>**,, തോമസ് ഉണ്ണിയാടൻ** | | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാന പാതകളും പൊതുമരാമത്ത് വകുപ്പ് റോഡുകളും അന്താരാഷ്ട്ര നിലവാരത്തിൽ പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാനപാതകളും പ്രധാന ജില്ലാ റോഡുകളും ഇന്ത്യൻ റോഡ് കോൺഗ്രസിന്റെ മാന ദണ്ഡങ്ങൾ അനുസരിച്ച് പുനരുദ്ധരിക്കുന്നതിന് സംസ്ഥാന റോഡ് വികസന പദ്ധതി എന്ന പേരിൽ (എസ്.ആർ.ഐ.പി) ഒരു പദ്ധതി രൂപീകരിച്ച് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന നഗര റോഡു വികസന പദ്ധതികളിൽ അന്തർദേശീയ നിലവാരത്തിലാണ് റോഡുകൾ പുനരുദ്ധരിക്കുന്നത്. കോഴിക്കോട്, കൊച്ചി എന്നിവ കൂടാതെ കോട്ടയം, മലപ്പുറം, തൃശ്ശൂർ, കണ്ണൂർ, കൊല്ലം എന്നീ നഗരങ്ങളിൽകൂടി പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടിയെടുത്തിട്ടുണ്ട്. ഇതിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് സ്വകാര്യ പങ്കാളിത്തത്തോടെ അവ നടപ്പിലാക്കുന്നതാണ്. ഇപ്രകാരം നടപ്പിലാക്കുന്ന പദ്ധതികളുടെ 15 വർഷത്തെ പരിപാലന ചുമതല കൂടി പ്രസ്തുത സ്വകാര്യ പങ്കാളിയുടെ ഉത്തരവാദിത്വത്തിൽ നിറവേറ്റുന്നതായിരിക്കും. ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന കെ.എസ്.ടി.പി രണ്ടാം പദ്ധതിയിൽ ആകെ 363 കി.മീ ദൈർഘ്യം വരുന്ന 6 റോഡുകൾ അന്തർദേശീയ നിലവാരത്തിൽ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) കെ.എസ്.റ്റി.പി മാതൃകയിൽ മുഴുവൻ റോഡുകളുടെയും പുനരുദ്ധാരണം നിശ്ചിതവർഷത്തേക്ക് ' ഗ്യാരന്റീഡ് ' ആയി നിർവ്വഹിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ? | (ബി) | സംസ്ഥാന റോഡു വികസന പദ്ധതിയുടെ കീഴിൽ വരുന്ന റീഹാബിലിറ്റേഷൻ പാക്കേജിൽ ഉൾപ്പെടുന്ന റോഡുകൾ 15 വർഷക്കാലയളവിൽ പരിപാലിക്കുന്നതിന് പി.പി.പി/ആന്യുറ്റി രീതിയിൽ കരാർ നൽകിയും സർക്കാർ ഏറ്റെടുക്കേണ്ടി വരുന്ന അപ്ഗ്രഡേഷൻ പാക്കേജിലെ റോഡുകൾ എ.ഡി.ബി പോലുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കി നിശ്ചിതമാനദണ്ഡങ്ങൾ അറ്റകുറ്റപ്പണി ചെയ്ത് നിലനിർത്തുന്ന രീതിയിലുമാണ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ